**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1636 **05.02.2019 ൽ** മറുപടിക്ക്

**ഫ്ലക്സ് ബോർഡുകൾ തിരികെ നല്കി തുക ഈടാക്കണമെന്ന ഉത്തരവ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോജി എം. ജോൺ** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | സംസ്ഥാനത്തെ നിരത്തുകളിൽ ഫ്ലക്സ് ബോർഡുകൾ വയ്ക്കുന്നവർക്ക് അത് തിരികെ നല്കി തുക ഈടാക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; | എ) സംസ്ഥാനത്ത് അനധികൃതമായും അപകടകരമായും സ്ഥാപിച്ചിരുന്ന ഫ്ലക്സ് ബോർഡുകൾ ഉൾപ്പെടെയുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും ഇത്തരത്തിൽ അനധികൃതമായി ബോർഡുകൾ സ്ഥാപിച്ചവർക്ക് എതിരെ പിഴ ചുമത്തുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച സർക്കുലറുകളും ഉത്തരവുകളും പാലിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | വനിതാ മതിലിന്റെ ബോധവൽക്കരണത്തിനായി സംസ്ഥാനത്തുടനീളം ആയിരക്കണക്കിന് ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) & സി) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ പുറത്തിറക്കിയ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി രാഷ്ട്രീയ പാർട്ടികളും മറ്റും അനധികൃതമായി ബോർഡുകൾ/ബാനറുകൾ/കൊടികൾ തുടങ്ങിയവ സ്ഥാപിക്കുന്നതായി കോടതി പരാമർശിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത ഫ്ളക്സ് ബോർഡുകൾ സർക്കാർ പുറത്തിറക്കിയ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിരുന്നോ; എങ്കിൽ ഇക്കാര്യം സംബന്ധിച്ച് കോടതി എന്തെങ്കിലും വിമർശനം ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ